# 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5297** — **21-07-2022 - ൽ മറുപടിയ്ക്ക്**

## കാലിക്കറ്റ് യൂണിവേഴ്സിറ്റി ബി.എഡ്. സെന്ററുകളുടെ അംഗീകാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന എത്ര ബി.എഡ്. സെന്ററുകൾ ഉണ്ടെന്ന് അറിയിക്കാമോ; | (എ) | കാലിക്കറ്റ് യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന 11 ബി.എഡ്. സെന്ററുകൾ ഉണ്ട്. |
| (ബി) | ഏതെല്ലാം സെന്ററുകൾക്ക് നിലവിൽ എൻ.സി.റ്റി.ഇ. അംഗീകാരമുണ്ടെന്നും അംഗീകാരമില്ലാത്തവ ഏതെല്ലാം എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | NCTE യുടെ സതേൺ റീജിയണൽ കമ്മിറ്റിയിൽ (Southern Regional Committee – SRC) നിന്നും ഔദ്യോഗികമായി ലഭിച്ച അംഗീകാരം പിൻവലിക്കൽ ഉത്തരവ് പ്രകാരം, നിലവിൽ പതിനൊന്നു സെന്ററുകൾക്കും 2021-22 അധ്യയന വർഷം മുതലുള്ള അംഗീകാരം റദ്ദ് ചെയ്തിട്ടുണ്ട്. |
| (സി) | ബി.എഡ്. സെന്ററുകളുടെ അംഗീകാരം ഏത് വർഷം മുതലാണ് നഷ്ടമായത് ; | (സി) | (ബി)-യിൽ നൽകിയിരിക്കുന്നു. |
| (ഡി) | അംഗീകാരം റദ്ദാക്കിയ വിവരം എപ്പോഴാണ് യൂണിവേഴ്സിറ്റിയെ അറിയിച്ചതെന്നും പ്രസ്തുത ലെറ്റർ നമ്പറും തീയതിയും അറിയിക്കാമോ; അംഗീകാരം റദ്ദാക്കിയ വിവരം അറിയിച്ചതിനു ശേഷം പ്രസ്തുത സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റിന് എൻ.സി.റ്റി.ഇ. അംഗീകാരം ഉണ്ടാകുമോ; | (ഡി) | NCTE Regl 019/230/2021-Regulation section – SRC/128890 dated 27.10.2021 നമ്പർ കത്ത് പ്രകാരം 27.10.2021 തീയതിയിലാണ് അംഗീകാരം പിൻവലിക്കൽ ഉത്തരവ് യൂണിവേഴ്സിറ്റിക്ക് കൈമാറിയത്. അംഗീകാരം റദ്ദാക്കിയ വിവരം അറിയിച്ചതിനു ശേഷം പ്രസ്തുത സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്. 27.10.2021 തീയതിയിലെ അംഗീകാരം പിൻവലിക്കൽ ഉത്തരവ് ലഭിക്കുന്നതിന് മുൻപ് തന്നെ യൂണിവേഴ്സിറ്റി 2021-22 അധ്യയന വർഷത്തേക്കുള്ള ബി.എഡ്. അഡ്മിഷൻ നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യുകയും ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തതിനാൽ അഡ്മിഷൻ നടപടികൾ പൂർത്തീകരിച്ച് 2021 നവംബർ 3 നു ക്ലാസുകൾ തുടങ്ങി.<br><br>2022 ജൂലൈ 5,6 തീയതിയിൽ നടന്ന SRC യുടെ നാനൂറ്റി പന്ത്രണ്ടാമത് (412th )മീറ്റിംഗിൽ, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെന്ററുകളുടെ മേൽ SRC എടുത്ത തീരുമാനം കമ്മിറ്റി |

| | | | |
|---|---|---|---|
| | | | പുനഃപരിശോധിക്കുകയും 2021-22 അധ്യയന വർഷം മുതൽ അംഗീകാരം പിൻവലിച്ച ഉത്തരവ് തിരുത്തി, 2022-23 അധ്യയന വർഷം മുതൽ എന്നാക്കാൻ തിരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനം അവരുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ, ഔദ്യോഗികമായി ഈ വിഷയത്തിൽ യൂണിവേഴ്സിറ്റിക്ക് SRC യിൽ നിന്നും കത്ത് ലഭിച്ചിട്ടില്ല. |
| (ഇ) | അംഗീകാരം റദ്ദ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് എപ്പോഴാണ് എൻ.സി.റ്റി.ഇ. യൂണിവേഴ്സിറ്റിയോട് ആദ്യമായി വിവരങ്ങളും മറുപടിയും ആരായുന്നതെന്നും സമയബന്ധിതമായി മറുപടി കൊടുത്തിരുന്നുവോയെന്നും എങ്കിൽ എന്ത് മറുപടിയാണ് കൊടുത്തതെന്നും വ്യക്തമാക്കുമോ; | (ഇ) | 27.10.2021 ന മുമ്പ് യൂണിവേഴ്സിറ്റി സെന്ററുകളുടെ അംഗീകാരം റദ്ദ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് NCTE യൂണിവേഴ്സിറ്റിയോട് കത്തിടപാടുകൾ നടത്തിയിട്ടില്ല. എന്നാൽ യൂണിവേഴ്സിറ്റിക്ക് കീഴിൽ, സംസ്ഥാന സർക്കാരിന്റെ അനുമതിയും NCTE യുടെ അംഗീകാരവും ഇല്ലാതെ പ്രവർത്തിക്കുന്ന അധ്യാപക പരിശീലന കേന്ദ്രങ്ങളുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് SRC യുടെ 397 -ാമത് മീറ്റിംഗിലെയും 399-ാമത് മീറ്റിംഗിലെയും തീരുമാന പ്രകാരം 2021 April 16, 2021 June 23 തീയതികളിൽ അയച്ച കത്തുകൾക്ക് (2021 ജൂൺ 16 നും, 2021 ജൂൺ 30 നും യൂണിവേഴ്സിറ്റിയിൽ ലഭിച്ച കത്തുകൾ) മറുപടിയായി 28.07.2021 ന യൂണിവേഴ്സിറ്റി സെന്ററുകളുടെ തൽസ്ഥിതി (സ്റ്റാറ്റസ് കോ) അവരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | യൂണിവേഴ്സിറ്റിയുടെ അപ്പീൽ തള്ളിയതിനെതിരെ കോടതിയെ സമീപിക്കാൻ സാധിക്കുമോ; എങ്കിൽ യൂണിവേഴ്സിറ്റി അത്തരത്തിലുള്ള നടപടികൾ തുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കുമോ; എൻ.സി.റ്റി.ഇ. നിഷ്കർഷിക്കുന്ന യോഗ്യതകളുള്ള പ്രിൻസിപ്പാളും അദ്ധ്യാപകരുമാണോ ഇപ്പോൾ ബി.എഡ് സെന്ററുകളിൽ ജോലി ചെയ്യുന്നതെന്നും പ്രസ്തുത യോഗ്യതയില്ലാത്ത എത്ര അദ്ധ്യാപകരും പ്രിൻസിപ്പൽമാരും ഉണ്ടെന്നും വെളിപ്പെടുത്തുമോ; | (എഫ്) | യൂണിവേഴ്സിറ്റിയുടെ അപ്പീൽ തള്ളിയതിനെതിരെ കോടതിയെ സമീപിക്കാൻ സാധിക്കും. യൂണിവേഴ്സിറ്റി ബി.എഡ്.സെന്ററുകളുടെ അംഗീകാരം പിൻവലിച്ചുകൊണ്ടുള്ള NCTE യുടെ ഉത്തരവിനെതിരെ യൂണിവേഴ്സിറ്റി സ്റ്റാൻഡിംഗ് കൗൺസിൽ മുഖേന ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഓർഡർ വാങ്ങാനുള്ള നടപടികൾ യൂണിവേഴ്സിറ്റി അടിയന്തിരമായി ചെയ്തിട്ടുണ്ട്.<br><br>സെന്ററുകളിൽ ഒഴിവു വരുന്ന മുറയ്ക്ക് അതാത് സമയത്തെ NCTE മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഒരു വർഷ കരാർ അടിസ്ഥാനത്തിലാണ് അധ്യാപകരെ നിയമിക്കുന്നത്. വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം നിശ്ചിത ദിവസങ്ങളുടെ ഇടവേളക്ക് ശേഷം ഇവരുടെ കരാർ നിയമനം പുതുക്കി നൽകി വരികയാണ് ചെയ്യുന്നത്. NCTE 2014 മാർഗ്ഗനിർദ്ദേശം നിലവിൽ വന്ന ശേഷം മൂന്നു അധ്യാപകരെ നിശ്ചിത യോഗ്യത ഇല്ലാത്തവരുടെ അഭാവം കാരണം ഈ സെന്ററുകളിൽ നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ജി) | സ്വാശ്രയ ബി.എഡ്. കോളേജ് മാനേജ്മെന്റുകൾക്ക് വേണ്ടി സർവകലാശാല നേരിട്ട് നടത്തുന്ന ബി.എഡ് സെന്ററുകളെ സർവകലാശാല ഭരണാധികാരികൾ ബോധപൂർവ്വം തകർക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ജി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ